**മാലദ്വീപ് വിദേശകാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനം (മെയ് 25-27, 2025)**

മെയ് 25, 2025

1. മാലദ്വീപ് വിദേശകാര്യ മന്ത്രി ഡോ. അബ്ദുള്ള ഖലീൽ 2025 മെയ് 25-27 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. വിദേശകാര്യ മന്ത്രി ഡോ. ഖലീലിന്റെ 2025-ലെ മൂന്നാമത്തെ ഇന്ത്യാ സന്ദർശനമാണിത്, അദ്ദേഹം 2025 ജനുവരി, മാർച്ച് മാസങ്ങളിൽ ഇന്ത്യ സന്ദർശിച്ചിരുന്നു, ഇന്ത്യയും മാലിദ്വീപും തമ്മിലുള്ള ഉന്നതതല രാഷ്ട്രീയ വിനിമയങ്ങളുടെ തുടർച്ചയാണ് ഇത്.

2. 2025 മെയ് 26 ന് നടക്കുന്ന 2-ാമത് ഇന്ത്യ-മാലദ്വീപ് ഹൈ ലെവൽ കോർ ഗ്രൂപ്പ് (HLCG) യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ. ഖലീൽ മാലദ്വീപിനെ നയിക്കും, സമഗ്ര സാമ്പത്തിക, സമുദ്ര സുരക്ഷാ പങ്കാളിത്തത്തെക്കുറിച്ചുള്ള ഇന്ത്യ-മാലദ്വീപ് വിഷൻ ഡോക്യുമെന്റ് നടപ്പാക്കുന്നതിലെ പുരോഗതി അദ്ദേഹം നിരീക്ഷിക്കുകയും ചെയ്യും, 2024 ഒക്ടോബറിൽ മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസ്സുവിന്റെ ഇന്ത്യാ സന്ദർശന വേളയിൽ ഇരു രാജ്യങ്ങളുടെയും നേതൃത്വം അംഗീകരിച്ചതാണ് ഈ ഡോക്യുമെന്റ്.

3. സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി ഡോ. ഖലീൽ ഇന്ത്യയുടെ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറുമായും ഉഭയകക്ഷി ചർച്ച നടത്തും.

4. മാലദ്വീപ് സമുദ്രമേഖലയിലെ ഇന്ത്യയുടെ ഒരു പ്രധാന അയൽരാജ്യവും ഇന്ത്യയുടെ 'അയൽക്കാർ ആദ്യം' നയം, വിഷൻ സാഗർ- അതായത് മേഖലകളിലുടനീളം സുരക്ഷയിലും വികസനത്തിലും പരസ്പരമുള്ള സമഗ്രമായ പുരോഗതി- എന്നിവയിലെ ഒരു പ്രധാന പങ്കാളിയുമാണ്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള സമഗ്രമായ സാമ്പത്തിക, സമുദ്ര സുരക്ഷാ പങ്കാളിത്തം ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് സന്ദർശനം.

**ന്യൂഡൽഹി**

**മെയ് 25, 2025**